# മേഘസന്ദേശം



നീലപ്പൊൻമുളങ്കാടുകൾ പാടും
നാദധാരയിൽ വീണു മയങ്ങി

മൂകദുഃഖങ്ങളുള്ളിലൊതുക്കി
സാന്ധ്യചക്രവാളങ്ങളുറങ്ങി.

പാതിരാവിന്റെ സ്വപ്നങ്ങൾ പോലെ
പാരിജാതങ്ങൾ പൂത്തു വിടർന്നു.

നീലക്കാറുകൾ മൂടിയ കുന്നിൻ
താഴ്‌വരകളിൽ ഞാനിരിക്കുന്നു.

ഏതൊരജ്ഞാത സൗഗന്ധികത്തിൻ
നേർത്ത സൗരഭമീനിലാവിങ്കൽ?

മഞ്ഞപ്പട്ടു ചിറകുകൾ വീശി
ചന്ദനക്കുളിർ കാറ്റിന്റെ കൂടെ

പാറിപ്പോവുകയാണു ഞാനാഹാ!
പൂവിതൾ പോലെ, പൂമ്പാറ്റ പോലെ.

ഏതൊരേകാന്ത സ്വപ്നസാമ്രാജ്യ
താരവീഥിയിൽ വന്നു ഞാൻ നില്പൂ?

ചാഞ്ഞ ദേവദാരങ്ങൾ തൻ താഴെ
താണ ശാഖയിൽ കാലുകളൂന്നി

ദൂരെ, വർഷമേഘങ്ങളും നോക്കി
മൂകനായ്, യക്ഷകാമുകൻ നില്പൂ.

മാരിക്കാറുകൾ കൈകളിൽ സ്വർണ്ണ-
ക്കാവടികളുമേന്തി നിൽക്കുമ്പോൾ

ഗാനഗന്ധർവ! നിൻ വിരൽത്തുമ്പാൽ
വീണമീട്ടി നീ പാടാത്തതെന്തേ?

നാട്ടുപെൺകിടാവിപ്പൊഴും നിന്‍റെ
പാട്ടു കേൾക്കുവാൻ കാത്തിരിക്കുന്നു.

നിന്‍റെ വാചാലമാകുമീ മൗനം
നിന്‍റെ മൂകമാമീ ദുഃഖഭാവം

കാളിദാസ കവീന്ദ്രന്‍റെയുള്ളിൽ
മേഘസന്ദേശ കാവ്യമെഴുതി.

ആടിക്കാറുകളീവഴിയിന്നും
താണുപോകുന്ന സന്ധ്യകൾ തോറും

ഈറനായ മിഴികളുമായെൻ
ഭാവനകളേ, നിൽക്കുന്നു നിങ്ങൾ.■